# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 628 07-01-2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ഡയാലിസിസ് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എം.എ.വാഹീദ് :<br>ശ്രീ.വി.ഡി.സതീശൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ.; | എ) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ 10 മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11.07.2013 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 27 താലൂക്ക് തല സർക്കാരാശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>സി) വൃക്ക രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമാക്കുമോ; | ബി) & സി) സംസ്ഥാനത്തെ വൃക്കരോഗികൾക്ക് യഥാസമയം ചികിത്സ ലഭിക്കുന്നതിന് സർക്കാർ ആശുപത്രികളിൽ നിലവിലുള്ള സൗകര്യം പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ രോഗികൾക്ക് ചുരുങ്ങിയ നിരക്കിൽ ഡയാലിസിസ് സൗകര്യം ലഭ്യമാക്കുക എന്നതാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നത് കൊണ്ട് ലക്ഷ്യമാക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ചികിത്സാ ധനസഹായത്തിനു അപേക്ഷിക്കുന്ന രോഗികൾക്ക് അനുവദിക്കുന്ന തുകയിൽ ഡയാലിസിസിനുള്ള തുക ബന്ധപ്പെട്ട സെന്ററുകളിലേക്കും ആവശ്യമായ മരുന്ന് ലഭ്യമാക്കുന്നതിനാവശ്യമായ തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും നൽകുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും കൊച്ചിൻ സഹകരണ ആശുപത്രി, പരിയാരം സഹകരണ ആശുപത്രി എന്നിവിടങ്ങളിലും പദ്ധതിയിലേക്ക് അക്രെഡിറ്റഡ് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളതും സൗകര്യങ്ങളുള്ളതും ഡയാലിസിസ് ചികിത്സ ഏറ്റെടുത്തിട്ടുള്ളതുമായ 50 സർക്കാരിതര ആശുപത്രികളിലും 28 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും പദ്ധതിയനുസരിച്ച് ഡയാലിസിസ് സൗകര്യം ലഭ്യമാണ് |
| ഡി) | ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ 11.07.2013-മുതൽ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**